**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2351** **07-07-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ-പാടിയോട്ടുചാൽ റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 01.11.2016-ലെ ജി.ഒ (ആർ.റ്റി )നം. 1502/2016/ പി.ഡബ്ള്യു.ഡി. ഉത്തരവ് പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ-പാടിയോട്ടുചാൽ റോഡ് നവീകരണ പ്രവൃത്തിയുടെ തുടർനടപടികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്രസ്തുത റോഡിന് 2016 - ൽ ഭരണാനുമതി ലഭ്യമായിരുന്നെങ്കിലും അതിനുശേഷം, ടി റോഡിന്റെ ചെയിനേജ് 0/000 മുതൽ 15/000 വരെ CRF പദ്ധതിയിൽ ഉൾപ്പെടുത്തിയും ചെയിനേജ് 15/000 മുതൽ 27/200 വരെ സംസ്ഥാന ബഡ്ജറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയും മെക്കാഡം റോഡ് പ്രവൃത്തി നടന്നിരുന്നു. ആയതിനാൽ പ്രസ്തുത പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനായി നിർവഹണ ഏജൻസി വിശദ പഠന റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട തുടർനടപടികൾ വേഗത്തിലാക്കുവാൻ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് നിർദ്ദേശം നൽകാമോ; വിശദമാക്കുമോ? | (ബി) | നിലവിൽ പ്രസ്തുത റോഡിന്റെ ഡി. എൽ. പി. കാലയളവ് അവസാനിച്ച് അധികനാൾ ആകാത്തതിനാൽ വിശദമായ പരിശോധനകൾ നടത്തിമാത്രമേ ടി പ്രവൃത്തി കിഫ്ബി ഫണ്ടിംഗിൽ ഉൾപ്പെടുത്തണോ എന്ന് തീരുമാനിക്കാനാകൂ. |

സെക്ഷൻ ഓഫീസർ